(ബി) 1996 മേയ് മാസത്തിൽ വൈദ്യുതിയുടെ പ്രതിദിന ഉല്പാദനം ശരാശരി 13.34 മില്യൻ യൂണിറ്റായിരുന്നു. ഇപ്പോഴത്തെ ശരാശരി ഉല്പാദനം ചുവടെ ചേർക്കുന്നു.

ജലവൈദ്യുതി	–	19 മില്യൻ യൂണിറ്റ്
ബ്രഹ്മപുരം താപനിലയം	–	1.43 മില്യൻ യൂണിറ്റ്
കോഴിക്കോട് താപനിലയം	–	0.94 മില്യൻ യൂണിറ്റ്
എൻ.റ്റി.പി.സി. താപനിലയം	–	4.22 മില്യൻ യൂണിറ്റ്

(സി) കേന്ദ്ര പൂളിൽ നിന്നും ഇപ്പോൾ പ്രതിദിനം ശരാശരി 8.5 മില്യൻ യൂണിറ്റ് വൈദ്യുതി ലഭിക്കുന്നുണ്ട്. മുൻവർഷങ്ങളിൽ ലഭിച്ച വൈദ്യുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

1998-99-ൽ ശരാശരി 8.53 മില്ല്യൻ യൂണിറ്റ്

1997-98-ൽ ശരാശരി 11.6 മി.യൂണിറ്റ്

1996-97-ൽ ശരാശരി 9.39 മി.യൂണിറ്റ്

പൂർവ്വമേഖലയിൽ അൺ അലോക്കേറ്റഡ് വിഭാഗത്തിൽ കേരളത്തിന് ലഭിക്കുന്ന വൈദ്യുതി

89 (254) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. പി. ജെ ജോയി:
ശ്രീ. പി. ജെ. ഫ്രാൻസിസ്:
ശ്രീ. ഇ. എം.അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർവ്വമേഖലയിൽ അൺ അലോക്കേറ്റഡ് വിഭാഗത്തിൽപ്പെടുന്ന വൈദ്യുതിയിൽ നിന്ന് കേരളത്തിന് ലഭിക്കാൻ അർഹതയുള്ള വൈദ്യുതി പ്രതിദിനം എത്ര യൂണിറ്റാണ്;

(ബി) ഈ വൈദ്യുതി ലഭിക്കുവാൻ എന്നു മുതൽ കേരളത്തിന് അർഹത ലഭിച്ചു;

(സി) ഈ വൈദ്യുതി എന്നു മുതലാണ് കേരളത്തിന് ലഭിച്ചു തുടങ്ങിയത്;

(ഡി) എത്ര യൂണിറ്റ് വീതമാണ് ലഭിച്ചിട്ടുള്ളത്;

(ഇ) ഇതിന്റെ വിലയെത്രയാണ്?

ഉത്തരം

(എ) പൂർവ്വ മേഖലയിൽ അധികമായുള്ള 600 മെഗാവാട്ട് വൈദ്യുതിയുടെ 15% കേരളത്തിന് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി,സി,ഡി,&ഇ) വൈദ്യുതി ലഭ്യമാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ തീരുമാനമെടുത്തിട്ടില്ല.

കായംകുളം എൻ.റ്റി.പി.സി.യുടെ വൈദ്യുതി നിലയത്തിൽ നിന്ന് വൈദ്യുതി വാങ്ങുന്ന നടപടി

90 (255) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. എ. കെ. മണി:
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം എൻ.റ്റി.പി.സി.യുടെ വൈദ്യുതി നിലയത്തിൽ നിന്ന് സംസ്ഥാന വൈദ്യുതി ബോർഡ് എത്ര യൂണിറ്റ് വൈദ്യുതി 1-2-2000 വരെ ലഭ്യമാക്കി;

(ബി) ഒരു യൂണിറ്റ് വൈദ്യുതിക്ക് എന്തു തുകയാണ് എൻ.റ്റി.പി.സി. ആവശ്യപ്പെടുന്നത്;

(സി) ഈ ഇനത്തിൽ സംസ്ഥാന വൈദ്യുതി ബോർഡ് എൻ.റ്റി.പി.സി.യ്ക്ക് എന്തു തുക കൊടുക്കേണ്ടതുണ്ട്;

(ഡി) ഇതിൽ എന്തു തുക 1-2-2000 വരെ എൻ.റ്റി.പി.സി.യ്ക്ക് നൽകുകയുണ്ടായി;

(ഇ) കെ.എസ്.ഇ.ബി. എന്തു നിരക്കിലാണ് എൻ.റ്റി.പി.സി.യുടെ വൈദ്യുതി നൽകാൻ ഉദ്ദേശിക്കുന്നത്;

(എഫ്) ബോർഡ് നിഷ്കർഷിക്കുന്ന നിരക്കിൽ എന്തു തുക എൻ.റ്റി.പി.സിയ്ക്ക് നൽകാനുണ്ട്;

(ജി) സംസ്ഥാനത്ത് കേന്ദ്ര വൈദ്യുതി ഇനത്തിൽ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നും ഏതൊക്കെ നിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുന്നുണ്ട്;

(എച്ച്) ഓരോ നിലയങ്ങളിൽ നിന്നുള്ള കേന്ദ്ര വൈദ്യുതി നിരക്ക് തരം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കായംകുളം എൻ.റ്റി.പി.സിയുടെ വൈദ്യുതി നിലയത്തിൽ നിന്ന് 1-2-2000 വരെ 1174.5323 മില്യൻ യൂണിറ്റ് വൈദ്യുതി ലഭ്യമായിട്ടുണ്ട്.

(ബി) ഫിക്സഡ് ചാർജ്ജായി 1 രൂപ 40 പൈസയും ഇന്ധന ചെലവുമാണ് എൻ.റ്റി.പി.സി. ആവശ്യപ്പെടുന്നത്.

(സി) കായംകുളം വൈദ്യുതിയുടെ താരിഫ് തീരുമാനം സെൻട്രൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്. തീരുമാനത്തിനു ശേഷമേ എത്ര തുക കൊടുക്കേണ്ടതുണ്ട് എന്ന് കണക്കാക്കാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly